പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1621 | 03/05/2017-ൽ മറുപടിക്ക്

## മിഷൻ ഇന്ദ്രധനുസ്സ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. രാജൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | 'മിഷൻ ഇന്ദ്രധനുസ്സ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | ദേശീയ പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതി പ്രകാരമുള്ള കുത്തിവെയ്പ്പ് എടുക്കാത്ത കുട്ടികൾ, ഗർഭിണികൾ എന്നിവർക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകാനുള്ള കേന്ദ്രാവിഷ്കൃത തീവ്രയജ്ഞ പരിപാടിയാണ് മിഷൻ ഇന്ദ്രധനുഷ്. മിഷൻ ഇന്ദ്രധനുഷിന്റെ നാലാം ഘട്ടമാണ് 2017 ൽ നടപ്പിലാക്കിവരുന്നത്.<br>2017 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിൽ 7-ാം തീയതി മുതൽ 7 ദിവസമാണ് കുത്തിവെയ്പ്പ് നൽകുന്നത്. അടുത്തകാലത്തായി പൂർണ്ണമായും പ്രതി-രോധ കുത്തിവെയ്പ്പ് എടുത്തിട്ടില്ലാത്തതും, ഭാഗികമായി കുത്തിവെയ്പ്പ് എടുത്തിട്ടുള്ളതുമായ കുട്ടികൾക്കിടയിൽ വാക്സിൻ കൊണ്ട് പ്രതിരോധിക്കാവുന്ന രോഗങ്ങൾ കണ്ടുവരുന്നതിനാൽ ഇത്തരം മുഴുവൻ കുട്ടികൾക്കും കുത്തിവെയ്പ്പ് നൽകാനുള്ള ഈ പദ്ധതിക്ക് വളരെ-യധികം പ്രാധാന്യമുണ്ട്. കൂടാതെ പ്രതിരോധ കുത്തി-വെയ്പ്പിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുന്നതിനും ഇമ്മ്യൂണൈസേഷൻ കവറേജ് കൂട്ടുന്നതിനും ഈ കർമ്മപദ്ധതി വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. പ്രതിരോധ കുത്തിവെയ്പ്പെടുക്കുന്ന കാര്യത്തിൽ വളരെയധികം പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ കുട്ടികളെയാണ് ഈ പദ്ധതിയിൽ പ്രധാനമായും ഊന്നൽ നൽകിയിരിക്കുന്നത്. |
| ബി) | ഈ പദ്ധതിയിൽ ഏതെല്ലാം ജില്ല-കളാണ് ഉൾപ്പെട്ടു-ത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | ബി) | എറണാകുളം, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ പൂർണമായും തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിലെ നഗരപ്രദേശങ്ങളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ